(Pages : 4)

**E – 3327**

Reg. No. : ....................................

Name : .......................................

**Fourth Semester B.A. Degree Examination, July 2018**
**First Degree Programme Under CBCSS**
**MALAYALAM : LANGUAGE, CULTURE AND LITERATURE**
**Core Course – IV**
**ML 1441 : Malayala Kavitha Poorvakhattom**
**(2014 Admission Onwards)**

Time : 3 Hours Max. Marks : 80

I. **ഒരു** വാക്കിലോ പരമാവധി **രണ്ടു** വാക്യത്തിലോ **എല്ലാ** ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.

1) "മണിവർണ്ണൻ മനുചനായ്പ്പെരുതപോർക്കൊടുമ" വർണ്ണിക്കുന്ന മലയാളകൃതി ഏത് ?

2) "പാട്ടൊന്നു പാടീട്ടു വേണം – നിങ്ങൾ
നട്ടു കരയ്ക്കങ്ങു കേറാൻ" – ഇങ്ങനെ പറഞ്ഞതാര് ?

3) ആഴ്വാഞ്ചേരി തമ്പ്രാക്കളെ വർണ്ണിക്കുന്ന പ്രാചീന ചമ്പു ഏത് ?

4) 'മുണ്ടയ്ക്കൽ സന്ദേശം' എന്നറിയപ്പെടുന്ന കൃതി ഏത് ?

5) ഭാഷാരാമായണചമ്പുവിൽ എത്ര കാണ്ഡങ്ങളുണ്ട് ?

6) 'മലയാളകവിതാ സാഹിത്യ ചരിത്രം' എഴുതിയതാര് ?

7) കൃഷ്ണഗാഥയിൽ സ്വീകരിച്ചിട്ടുള്ള വൃത്തം ഏത് ?

8) 'രാമചന്ദ്രവിലാസം' ആദ്യം പ്രസിദ്ധീകരിച്ചത് ഏതു മാസികയിൽ ആണ് ?

9) നളചരിതത്തിന് 'കാന്താരതാരകം' എന്ന വ്യാഖ്യാനം എഴുതിയതാര് ?

10) "മൽപ്രാണഹാനികരമായ വാക്കു നീ –
യിപ്പോളുരചെയ്‌വതിനെന്തു കാരണം ?" – എന്താണ് പ്രാണഹാനികരമായ വാക്ക് ?

**(10×1=10 മാർക്ക്)**

P.T.O.

gowcentrallibrary.in

II. **ഒരു** ഖണ്ഡികയിൽ ഏതെങ്കിലും **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11) "ആദ്യത്യൻ കതിരു നോക്ക്യേ – താരിതിനന്തോം
ആദ്യത്യൻ കതിരു കണ്ടേ – താരിതിനന്തോം" – ഇവിടെ പ്രതിപാദിതമാകുന്ന ജീവിതം വിവരിക്കുക.

12) "സജ്ജനസമാഗമത്താൽ സകലജനങ്ങൾക്കുമുണ്ടാം
സജ്ജനിഫലമെന്നല്ലോ സത്യവാചകം". – സന്ദർഭം വിശദമാക്കി സജ്ജനസമാഗമഫലം വിവരിക്കുക.

13) "ചിത്രം ചിത്രമങ്ങോട്ടു ചെന്നാടേണ്ടുന്ന മഹാതീർത്ഥ –
മിത്രത്തോളമാഗമിക്കകൊണ്ടു നന്നായി". – സന്ദർഭവും വർണ്ണനയുടെ ഔചിത്യവും വ്യക്തമാക്കുക.

14) മുക്തകങ്ങൾ എന്നാലെന്ത് ? മണിപ്രവാള മുക്തകങ്ങളുടെ സ്വഭാവം വെളിപ്പെടുത്തുക.

15) ഭാരത ഖണ്ഡത്തിന്റെ പ്രാധാന്യം ജ്ഞാനപ്പാനയിൽ വിവരിച്ചിരിക്കുന്നതെങ്ങനെ ?

16) "താപവും പൂണ്ടു ധരണിയിൽ വാഴ്കയിൽ
നല്ലൂ മരണമതിനില്ല സംശയം" – ആരുടെ വാക്കുകൾ ? – സന്ദർഭവും, കഥാപാത്ര സ്വഭാവവും വ്യക്തമാക്കുക.

17) മഞ്ഞുകാലം വന്നപ്പോഴുള്ള മനുഷ്യചേഷ്ടകളെ ചെറുശ്ശേരി വർണ്ണിച്ചിരിക്കുന്നതെങ്ങനെ ?

18) "പടു പടഹനിനാദൈഃ പൂരയന്തോ ദിഗന്താൻ" – എപ്പോൾ ?

19) "---------വിചയൻ വിൽത്തടിയിനാൽ
തിരുവുടമ്പുടൈയുമാററിന്തവന്റപിമതം." – ഇവിടെ സൂചിതമാകുന്ന കഥ ഏത് ?

20) പൊയിലം ഗ്രാമത്തെ വർണിക്കുന്നതെങ്ങനെയെന്നു വിശദമാക്കുക.

21) വനത്തിലേയ്ക്കു പുറപ്പെടുന്ന നായന്മാരുടെ സംഭാഷണത്തിലെ ഹാസ്യവും സാമൂഹ്യബോധവും വെളിപ്പെടുത്തുക.

22) "തൃപ്പാപ്പൂർമൂപ്പുഴകുപൊഴിയും വീരനാതിച്ച വർമ്മൻ
മുല്ലാടുണ്ടാം വിരുതു സഹസാ തസ്യ മൃത്യുഞ്ജയോഭൂത്". – ആതിച്ചവർമ്മൻ മൃതസഞ്ജീവനിയായതാർക്ക് ? എങ്ങനെ ?

**(8×2=16 മാർക്ക്)**

gcwcentrallibrary.in

III. ഓരോന്നിനും **ഒന്നര**പ്പുറത്തിൽ കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

23) കൃഷിപ്പാട്ടുകളുടെ സാമൂഹികതലം വ്യക്തമാക്കുക.

24) മലയാളത്തിലെ ഭക്തിപ്രസ്ഥാനത്തിന്റെ ആദ്യ ചുവടാണ് രാമചരിതം. ഈ അഭിപ്രായം പരിശോധിക്കുക.

25) "പരപീഡനമിന്നിനിയ്ക്കു വ്രതമെന്നറിക,
പരിചെഴുമധർമ്മം മന്മതമേ" – സന്ദർഭം വിശദമാക്കി ഇവിടെ പ്രകാശിതമാകുന്ന കഥാപാത്രസ്വഭാവം വെളിപ്പെടുത്തുക.

26) "മണിപ്രവാള കാവ്യമാലയുടെ മകുടമണിയാണ് ഉണ്ണുനീലി സന്ദേശം"
– നിരൂപിക്കുക.

27) "എളുതായിട്ടു മുക്തി ലഭിപ്പാനായ്
ചെവി തന്നിതു കേൾപ്പിനെല്ലാവരും" – വ്യാഖ്യാനിക്കുക.

28) "കുറുനരി ലക്ഷം കൂടുകിലും ഒരു
ചെറുപുലിയോടു ഫലിക്കില്ലേതും" – നമ്പ്യാരുടെ സാമൂഹ്യ വിമർശനം, പഴമൊഴികളെ സ്വാംശീകരിക്കുന്ന രചനാരീതി ഇവ ഈ വരികളെ ആസ്പദമാക്കി വിവരിക്കുക.

29) ചമ്പൂഗദ്യങ്ങളുടെ സവിശേഷത വിവരിക്കുക.

30) "പുളയ്ക്കുമാനത്തലവർക്കുമോർക്കിലൊ –
ട്ടെളുപ്പമല്ലാത്ത വിചേഷ്ടിതങ്ങളേ
കളിപ്പുകൂടും കളഭം നടത്തുവാൻ
ചുളുങ്ങുമെന്നുള്ളതു ലോകസമ്മതം". – സന്ദർഭമെഴുതി അലങ്കാരത്തിന്റെ ഔചിത്യം വെളിപ്പെടുത്തുക.

31) "ഇല്ല ദാരിദ്ര്യാർത്തിയോളം വലുതായിട്ടൊരാർത്തിയും" – സന്ദർഭം വിവരിച്ച് കാവ്യാനുഭവം കവിയുടെ സ്വജീവിതാനുഭവമാകുന്ന കാല്പനികസ്വഭാവം ഈ വരികളിലുണ്ടോ എന്നു പരിശോധിക്കുക. **(6×4=24 മാർക്ക്)**

gcwcentrallibrary.in

IV. **മൂന്നു** പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

32) പാട്ടിന്റെ ലക്ഷണമെഴുതി രാമചരിതം ഈ ലക്ഷണവുമായി പൊരുത്തപ്പെടുന്നുണ്ടോ എന്നു പരിശോധിക്കുക.

33) എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണം കിളിപ്പാട്ട് തത്വചിന്താപരമായ ഒരു കൃതിയാണ്. ലക്ഷ്മണോപദേശത്തെ മുൻനിർത്തി സമർത്ഥിക്കുക.

34) ചെറുശ്ശേരിയുടെ വർണ്ണനാപാടവവും അലങ്കാര സമൃദ്ധിയും 'ഹേമന്ത വർണ്ണന'ത്ത അടിസ്ഥാനപ്പെടുത്തി വിശദീകരിക്കുക.

35) നളചരിതം 3-ാം ദിവസത്തിലെ കഥാപാത്ര ചിത്രീകരണവും നാടകീയമായ അവതരണവും വിലയിരുത്തുക.

**(2×15=30 മാർക്ക്)**

gcwcentrallibrary.in